# പുതിയ ഉടമ്പടി ജീവിതവും സഭയും

സാക് പുന്നൻ

WFTW 24 ജനുവരി 2016

(2016 ജനുവരിയിൽ തമിഴ് നാട്ടിൽ തൂത്തുക്കുടി കൊൺഫ്രൻസിൽ നൽകിയ സന്ദേശങ്ങളുടെ ചുരുക്കം)

1) നാം യഥാർത്ഥമായി 'ക്രിസ്തുവിൻറെ രക്തത്താൽ നീതികരിക്കപ്പെടുകയും' (റോമ. 5:9) ക്രിസ്തുവിൽ 'അംഗീകരിക്കപ്പെടുകയും' (എഫെ. 1:6) ചെയ്യപ്പെട്ടവരാണെങ്കിൽ പിന്നെ നമ്മുടെ കഴിഞ്ഞ കാലത്തെ ദൈവം ഒരിക്കലും ഓർക്കുന്നില്ല. പിന്നീട് നമ്മുടെ ഭൂതകാലമെല്ലാം ദൈവത്തിൻറെ കണ്ണുകളിൽ പാപരഹിതമാണ്. പാപങ്ങളെ ഏറ്റു പറഞ്ഞു മാനസാന്തരപ്പെടുവാനും നല്ല മനസ്സാക്ഷി സൂക്ഷിക്കുവാനും അതുപോലെ മറ്റുള്ളവരോടു ക്ഷമിക്കുവാനും നാം വേഗതയുള്ളവരായിരിക്കുന്നിടത്തോളം അത് അങ്ങനെ തന്നെ നിലനിൽക്കും (മത്താ. 18:2325 വരെയുള്ള വാക്യങ്ങൾ കാണുക).

2) നമ്മുടെ ജീവിതത്തിൽ ഏറ്റവും ആവശ്യമുള്ള കാര്യം എല്ലാ സമയത്തും കർത്താവായ യേശുവിനെ ശ്രദ്ധിച്ചു കേൾക്കുക എന്നതാണ്. (ലൂക്കൊ. 10:38ഉം 42ഉം കാണുക) അങ്ങനെ മാത്രമേ നമ്മുടെ ജീവിതത്തിലുള്ള ഓരോ വിഗ്രഹവും തകർക്കപ്പെടുകയുള്ളു (യെശ. 30:21,22).

3) കർത്താവിലുള്ള പൂർണ്ണ അനുസരണമാണ് താഴ്മയുടെ ഏറ്റവും വലിയ തെളിവ് (ഫിലി. 2:8). അത് ഉണ്ടാകുന്നത് നമ്മുടെ സ്വന്ത ഇഷ്ടത്തിന് എപ്പോഴും മരിക്കുന്നതിലൂടെയാണ് (2 കൊരി. 4:10).

4) വിവേകപൂർവ്വം ഭാര്യയോടൊത്തു ജീവിക്കുക എന്നാൽ അവൾ ഒരു ബലഹീന പാത്രമാണെന്ന് എല്ലാസമയും തിരിച്ചറിയുക എന്നാണ് (1 പത്രൊ. 3:7). ഭർത്താവ് ഭാര്യയുടെ തല ആയിരിക്കുക എന്നാൽ താൻ തന്നെ അവൾക്കൊരു മാതൃകയായി അവളെ നയിക്കുകയും അവളുടെ ജീവിതത്തിൻറെ എല്ലാ കാര്യങ്ങളിലും അവളെ കരുതുകയും ചെയ്യുക എന്നാണ് (ശരീരത്തിനു മുഴുവനും വേണ്ടി തലച്ചോർ കരുതുന്നതുപോലെ).

5) മോശെ ഒരു ശിശുവായിരുന്നപ്പോൾ അദ്ദേഹത്തിൻറെ മാതാവ് അവനെ പഠിപ്പിച്ചതുപോലെ നാം നമ്മുടെ മക്കളെ പഠിപ്പിക്കണം. ഒരിക്കലും ലോക മാനത്തിൻറെയോ, പാപത്തിൻറെ സന്തോഷത്തിൻറെയോ, ലൗകീക ധനത്തിൻറെയോ പുറകെ പോകാതെ ക്രിസ്തുവിനു വേണ്ടി നിന്ദയും മോശമായ പെരുമാറ്റവും സഹിക്കുവാൻ മനസ്സുള്ളവനായിരിക്കുക എന്ന കാര്യം. മോശെ ഈ കാര്യങ്ങൾ താൻ 40 വയസ്സുള്ളവനായിരുന്നപ്പോഴും ഓർത്തു (എബ്രാ. 11:2426).

6) കർത്താവ് അവിടുത്തെ ഇഷ്ടം ചെയ്യാനുള്ള ആഗ്രഹം നമുക്കു നൽകിക്കൊണ്ട് തൻറെ വചനം ആദ്യം നമ്മുടെ മനസ്സിൽ എഴുതുന്നു. പിന്നീട് തൻറെ ഹിതം ചെയ്യുവാനുള്ള കഴിവ് നമുക്കു നൽകിക്കൊണ്ട് അത് നമ്മുടെ ഹൃദയങ്ങളിലും അവിടുന്ന് എഴുതും (എബ്രാ. 8:10; ഫിലി. 2:12,13). അവിടുന്ന് ആദ്യത്തെ കാര്യം നമ്മിൽ ചെയ്യുമെന്നു നാം വിശ്വസിക്കണം.

7) ഓരോ അവയവങ്ങളും മറ്റുള്ളവയെ കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഇടമായ (1കൊരി. 12:2427) ഏകീകരിക്കപ്പെട്ട ഒരു 'കുടുംബം' എന്നപോലെ സഭയെ പണിയുവാൻ ക്രിസ്തുവിൻറെ ശരീരത്തിൽ നാം ഓരോരുത്തരും നമ്മുടെ പങ്ക് വിശ്വസ്തതയോടെ ചെയ്യണം.

8) ‘പിൻപിലുള്ളതു മറന്നും മുൻപിലുള്ളതിനായി ആഞ്ഞുംകൊണ്ട്‘ (ഫിലി. 3:3) എന്നതിൻറെ അർത്ഥം, ഇതുവരെ നാം കർത്താവിനായി ഒന്നും ചെയ്തിട്ടില്ല. എന്നാൽ ഈ ദിവസം നാം എന്തു ചെയ്യണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത് എന്ന് അന്വേഷിച്ചുകൊണ്ടു നാം ഓരോ ദിവസവും ജീവിക്കുന്നു എന്നാണ്.

9) ‘സ്ഫടിക സമുദ്രത്തിൻറെ തീരത്ത്‘ ജയാളികൾ നിൽക്കുന്നത് (ഓളങ്ങളില്ലാത്ത ഒരു കടൽ വെളി. 15:2) പരിപൂർണ്ണ സ്വസ്ഥതയുള്ള ഒരു ജീവിതത്തിൻറെ ചിത്രമാണ് സുസ്ഥിരമായ സന്തോഷമുള്ള നമുക്കു ചുറ്റും എന്തു സംഭവിച്ചാലും (സംഭവിച്ചില്ലെങ്കിലും) പ്രക്ഷുബ്ധമാകാത്ത ഒരു ജീവിതം (എബ്രാ. 4:911).

10) ‘എല്ലായ്പ്പോഴും പ്രാർത്ഥിക്കുക‘ (1തെസ്സ. 5:17) എന്നതിൻറെ അർത്ഥം, നാം ശ്വാസോച്ഛ്വാസം ചെയ്യുന്നതുപോലെ പ്രാർത്ഥിക്കുക എന്നാണ്. എന്നു പറഞ്ഞാൽ ഫലം പുറപ്പെടുവിക്കുന്നതിനായി ഒരു കൊമ്പ് നിസ്സഹായതയോടെ ആ വൃക്ഷത്തിൽ ആശ്രയിക്കുന്നതുപോലെ (യോഹ. 15:5) ഓരോ കാര്യത്തിനും കർത്താവിലുള്ള നിസ്സഹായ ആശ്രയത്തിൻറെ സുസ്ഥിര മനോഭാവത്തോടു കൂടി ജീവിക്കുക എന്നാണ്.